LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എ.പി. എട്ടാം ബറ്റാലിയൻ എന്നൊരു ബറ്റാലിയൻ നിലവിൽ ഇല്ല. 1995-1996-ൽ കോട്ടയം, ഇടുക്കി ജില്ലകളിലേക്ക് നിയമിക്കപ്പെട്ടതും സ്ഥിര നിയമനത്തിന് കോട്ടയം ജില്ല തെരഞ്ഞെടുത്തവരുമായ പോലീസ് സേനാംഗങ്ങളിൽ 155 പേർ ഇപ്പോൾ കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ ഏഴുവർഷമായി പ്രവർത്തി എടുത്തുവരുന്നു.

(ബി) അത്തരത്തിൽ ആരെയും കെ.എ.പി. 5-ാം ബറ്റാലിയനിൽ നിലനിർത്തിയിട്ടില്ല.

(സി) 6-5-2003-ലെ ഡി.ജി.പി.യുടെ സർക്കുലർ നമ്പർ 9/2003 പ്രകാരം പാലക്കാട് ജില്ലാ സായുധ സേനയിലുണ്ടായ 218 ഒഴിവുകൾ നികത്തുന്നതിനായി കെ.എ.പി. 2-ാം ബറ്റാലിയനിൽ (പാലക്കാട് ജില്ലയ്ക്കുവേണ്ടിയുള്ള) യോഗ്യരായിട്ടുള്ള 21 പേരെ സ്ഥലംമാറ്റിയശേഷമുള്ള 197 ഒഴിവുകൾ നികത്തുന്നതിനായി തൃശ്ശൂർ കെ.എ.പി. 5-ാം ബറ്റാലിയനിൽ നിന്നും യോഗ്യരായ 197 പേരെ പാലക്കാട് ജില്ലാ സായുധ സേനയിലേക്ക് താല്ക്കാലികമായി സ്ഥലം മാറ്റിയിട്ടുണ്ട്. ഇവർക്ക് കോട്ടയം/ഇടുക്കി ജില്ലാ സായുധ സേനകളിൽ ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് സീനിയോറ്റി അനുസരിച്ച് സ്ഥലംമാറ്റം നൽകുന്നതാണ്.

(ഡി) ഇപ്പോൾ കോട്ടയം ജില്ലയിലെ ലോക്കൽ പോലീസിൽ മൂന്ന് പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ മാത്രമേ നിലവിലുള്ളൂ. എ.എസ്.ഐ.-മാരുടെ നാല് ഒഴിവുകളും നിലവിലുണ്ട്. കോട്ടയം ജില്ല സായുധസേനയിൽ ഉണ്ടാകുന്ന ഒഴിവുകൾ കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ സേവനമനുഷ്ഠിക്കുന്ന പോലീസുകാരെ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമത്തിന് അനുസരണമായി സ്ഥലംമാറ്റം നൽകി നിയമിച്ചുവരുന്നുണ്ട്.

മാവേലിക്കരയിൽ കുടുംബകോടതി സ്ഥാപിക്കാൻ നടപടി

83 (T4518) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കുടുംബകോടതി മാവേലിക്കരയിൽ സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ കുടുംബകോടതി സ്ഥാപിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. എവിടെയാണ് കോടതി സ്ഥാപിക്കേണ്ടതെന്ന് ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞതിനു ശേഷമേ തീരുമാനിക്കുകയുള്ളൂ.

ഫയർ സ്റ്റേഷനുകളിൽ സുരക്ഷാ ഉപകരണങ്ങളുടെ അഭാവം

84 (4519) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകട ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് ഫയർ സ്റ്റേഷനുകളിൽ സുരക്ഷാ ഉപകരണങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു